അധ്യായം 25

## അൽഫുർഖാൻ : സത്യാസത്യ വിവേചനം

അവതരണം മക്കയിൽ, വചനങ്ങഠം 77

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

تَبَارَكَ ٱلَّذِى نَزَّلَ ٱلۡفُرۡقَانَ عَلَىٰ عَبۡدِهِۦ لِيَكُونَ لِلۡعَـٰلَمِينَ نَذِيرًا

1. തൻെറ ദാസന് സത്യാസത്യ വിവേചനത്തിനുള്ള ഈ പ്രമാണം(ഖുർആൻ) അവതരിപ്പിച്ചു കൊടുത്തവൻ അളവറ്റ അനുഗ്രഹമുടയവനത്രെ. ആ ദാസൻ ലോകർക്കൊക്കെയും ഒരു മുന്നറിയിപ്പുകാരൻ ആയിരിക്കുവാൻ വേണ്ടി.

ٱلَّذِى لَهُۥ مُلۡكُ ٱلسَّمَـٰوَٲتِ وَٱلۡأَرۡضِ وَلَمۡ يَتَّخِذۡ وَلَدً۬ا وَلَمۡ يَكُن لَّهُ ۥ شَرِيكٌ۬

فِى ٱلۡمُلۡكِ وَخَلَقَ كُلَّ شَىۡءٍ۬ فَقَدَّرَهُ ۥ تَقۡدِيرً۬ا ﴿٢﴾

2. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യത്തിനുടമയാണവൻ. അവൻ ആരേയും പുത്രനായി സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന് യാതൊരു പങ്കാളിയുമില്ല. ഓരോ വസ്തുവിനെയും അവൻ സൃഷ്ടിക്കുകയും അതിനു കൃത്യമായ പരിമാണം നിശ്ചയിക്കുകയും ചെയ്തു.

وَٱتَّخَذُواْ مِن دُونِهِۦۤ ءَالِهَةً۬ لَّا يَخۡلُقُونَ شَيۡـًٔ۬ا وَهُمۡ يُخۡلَقُونَ

وَلَا يَمۡلِكُونَ لِأَنفُسِهِمۡ ضَرًّ۬ا وَلَا نَفۡعً۬ا وَلَا يَمۡلِكُونَ مَوۡتً۬ا وَلَا حَيَوٰةً۬ وَلَا

نُشُورً۬ا ﴿٣﴾

3. അവനെക്കൂടാതെ പല ദൈവങ്ങളെയും അവർ സ്വീകരിച്ചിരിക്കുന്നു. അവർ ഒരു വസ്തുവും സൃഷ്ടിക്കുന്നില്ല. എന്നല്ല, അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരാകുന്നു. തങ്ങഠംക്കുതന്നെ എന്തെങ്കിലും ഉപദ്രവമോ ഉപകാരമോ ചെയ്യാനുള്ള കഴിവുപോലും അവർക്കില്ല. മരണത്തെയോ ജീവിതത്തെയോ ഉയിർത്തെഴുന്നേൽപിനെയോ അവ നിയന്ത്രിച്ചുകൊള്ളുന്നുമില്ല.

وَقَالَ ٱلَّذِينَ كَفَرُوٓاْ إِنۡ هَـٰذَآ إِلَّآ إِفۡكٌ ٱفۡتَرَٮٰهُ وَأَعَانَهُ ۥ عَلَيۡهِ قَوۡمٌ ءَاخَرُونَ ۖ

فَقَدۡ جَآءُو ظُلۡمً۬ا وَزُورً۬ا ﴿٤﴾

4. സത്യനിഷേധികഠം പറയുന്നു: ഇത്(ഖുർആൻ) അവൻ കെട്ടിച്ചമച്ച കെട്ടുകഥ മാത്രമാകുന്നു. വേറെ ചിലയാളുകഠം അതിന് അവനെ സഹായിച്ചിട്ടുമുണ്ട്. എന്നാൽ അവരെത്തിപ്പെട്ടത് അക്രമത്തിലും വ്യാജത്തിലും തന്നെയാണ്.

وَقَالُوٓاْ أَسَٰطِيرُ ٱلۡأَوَّلِينَ ٱكۡتَتَبَهَا فَهِيَ تُمۡلَىٰ عَلَيۡهِ بُكۡرَةٗ وَأَصِيلٗا ٥

5. അവര്‍ പറയുന്നു: ഇത് പൂര്‍വികരുടെ കെട്ടുകഥകളാണ്. അവന്‍ അവ പകര്‍ത്തിക്കുന്നു. എന്നിട്ട് രാവിലെയും വൈകുന്നേരവും അവന്‍ അത് വായിച്ചു കേള്‍പ്പിക്കപ്പെടുന്നുമുണ്ട്.

قُلۡ أَنزَلَهُ ٱلَّذِي يَعۡلَمُ ٱلسِّرَّ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ
إِنَّهُۥ كَانَ غَفُورٗا رَّحِيمٗا ٦

6. പറയുക: ആകാശങ്ങളിലെയും ഭൂമിയിലെയും രഹസ്യങ്ങള്‍ അറിയുന്നവനാണ് ഇത് ഇറക്കിത്തന്നത്. തീര്‍ച്ചയായും അവന്‍ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

وَقَالُواْ مَالِ هَٰذَا ٱلرَّسُولِ يَأۡكُلُ ٱلطَّعَامَ وَيَمۡشِي فِي ٱلۡأَسۡوَاقِ
لَوۡلَآ أُنزِلَ إِلَيۡهِ مَلَكٞ فَيَكُونَ مَعَهُۥ نَذِيرًا ٧

7. അവര്‍ പറയുന്നു: ഇതെന്ത് ദൈവദൂതന്‍? ഇയാള്‍ ഭക്ഷണം കഴിക്കുകയും തെരുവുകളില്‍കൂടി നടക്കുകയും ചെയ്യുന്നു. ഇയാളോടൊപ്പം മുന്നറിയിപ്പുകാരനായി ഒരു മലക്കിനെ ഇറക്കിക്കൊടുക്കാത്തതെന്ത്?

أَوۡ يُلۡقَىٰٓ إِلَيۡهِ كَنزٌ أَوۡ تَكُونُ لَهُۥ جَنَّةٞ يَأۡكُلُ مِنۡهَاۚ وَقَالَ
ٱلظَّٰلِمُونَ إِن تَتَّبِعُونَ إِلَّا رَجُلٗا مَّسۡحُورًا ٨

8. അല്ലെങ്കില്‍ എന്തുകൊണ്ട് ഇയാള്‍ക്ക് ഒരു നിധി ഇട്ടുകൊടുക്കുന്നില്ല. അല്ലെങ്കില്‍ ഇയാള്‍ക്ക് (കായ്കനികള്‍)തിന്നാന്‍ കിട്ടുന്ന ഒരു തോട്ടം ഇല്ലാത്തതെന്ത്? അക്രമികള്‍ പറയുന്നു: മാരണം ബാധിച്ച ഒരാളെ മാത്രമാണ് നിങ്ങള്‍ പിന്‍പറ്റുന്നത്.

ٱنظُرۡ كَيۡفَ ضَرَبُواْ لَكَ ٱلۡأَمۡثَٰلَ فَضَلُّواْ فَلَا يَسۡتَطِيعُونَ سَبِيلٗا ٩

9. അവര്‍ നിന്നെക്കുറിച്ച് എങ്ങനെയാണ് ചിത്രീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കൂ. അങ്ങനെ അവര്‍ വഴികേടിലായിരിക്കുന്നു. ഒരു വഴിയും കണ്ടെത്താന്‍ അവര്‍ക്ക് കഴിയുന്നില്ല.

تَبَارَكَ ٱلَّذِيٓ إِن شَآءَ جَعَلَ لَكَ خَيۡرٗا مِّن ذَٰلِكَ جَنَّٰتٖ تَجۡرِي مِن تَحۡتِهَا
ٱلۡأَنۡهَٰرُ وَيَجۡعَل لَّكَ قُصُورٗا ١٠

10. താന്‍ നിശ്ചയിച്ചുവെങ്കില്‍ അതിനെക്കാള്‍ നല്ലത് നിനക്കു നല്‍കാന്‍ കഴിവുള്ളവന്‍ എത്ര അനുഗ്രഹമുടയവന്‍. താഴത്തുകൂടി അരുവികള്‍ ഒഴുകുന്നതായ തോട്ടങ്ങളും കൊട്ടാരങ്ങളും.

بَلۡ كَذَّبُواْ بِٱلسَّاعَةِۖ وَأَعۡتَدۡنَا لِمَن كَذَّبَ بِٱلسَّاعَةِ سَعِيرًا

11. അല്ല, അന്ത്യസമയത്തെ അവർ തള്ളിപ്പറഞ്ഞിരിക്കുന്നു. അന്ത്യദിനത്തെ തള്ളിപ്പറയുന്നവർക്ക് കത്തിജ്വലിക്കുന്ന നരകം നാം ഒരുക്കിവെച്ചിരിക്കുന്നു.

إِذَا رَأَتْهُم مِّن مَّكَانٍ بَعِيدٍ سَمِعُواْ لَهَا تَغَيُّظًا وَزَفِيرًا

12. ദൂരത്തുനിന്നു അത് അവരെ കാണുമ്പോൾ തന്നെ അതിൻെറ ക്ഷോഭവും ഇരമ്പലും അവർ കേൾക്കുകയായി.

وَإِذَآ أُلْقُواْ مِنْهَا مَكَانًا ضَيِّقًا مُّقَرَّنِينَ دَعَوْاْ هُنَالِكَ ثُبُورًا ﴿١٣﴾

13. അതിൽ(നരകത്തിൽ)ഇടുങ്ങിയ ഒരിടത്തേക്ക്(ചങ്ങലകളാൽ)ബന്ധിക്കപ്പെട്ട് അവർ എറിയപ്പെട്ടാൽ അവർ അവിടെവെച്ച് നശിച്ചുകിട്ടുന്നതിനായി മുറവിളികൂട്ടിക്കൊണ്ടിരിക്കും.

**لَا تَدْعُوا الْيَوْمَ ثُبُورًا وَاحِدًا وَادْعُوا ثُبُورًا كَثِيرًا(14)**

14. (അന്നേരം അവരോട് പറയപ്പെടും:) നിങ്ങൾ ഇന്ന് ഒരു നാശത്തെയല്ല അനേകം നാശത്തെ വിളിച്ചുകൊള്ളുക.

**قُلْ أَذَٰلِكَ خَيْرٌ أَمْ جَنَّةُ الْخُلْدِ الَّتِي وُعِدَ الْمُتَّقُونَ كَانَتْ لَهُمْ جَزَاءً وَمَصِيرًا(15)**

15. (നബിയെ) ചോദിക്കുക: അതാണോ നല്ലത്, അതോ (അല്ലാഹുവിനെ) ഭയപ്പെടുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള നിത്യവാസത്തോട്ടമാണോ? അത് അവർക്കുള്ള പ്രതിഫലവും ഒരു പ്രത്യാഗമനസ്ഥാനവുമത്രേ.

**لَهُمْ فِيهَا مَا يَشَاءُونَ خَالِدِينَ كَانَ عَلَىٰ رَبِّكَ وَعْدًا مَسْئُولًا(16)**

16. അവിടെ അവരുടെ അഭിലാഷങ്ങളെല്ലാം പൂർത്തീകരിക്കപ്പെടുന്നതും ശാശ്വതമായി വസിക്കുന്നതുമാകുന്നു. അത് നിൻെറ രക്ഷിതാവ് ബാധ്യതയേറ്റെടുത്ത വാഗ്ദത്തമത്രെ (നിറവേറ്റിക്കിട്ടുവാൻ ആവശ്യപ്പെടാവുന്ന വാഗ്ദത്തം.)

**وَيَوْمَ يَحْشُرُهُمْ وَمَا يَعْبُدُونَ مِنْ دُونِ اللَّهِ فَيَقُولُ أَأَنْتُمْ أَضْلَلْتُمْ عِبَادِي هَٰؤُلَاءِ أَمْ هُمْ ضَلُّوا السَّبِيلَ(17)**

17. അവരെയും അല്ലാഹുവെക്കൂടാതെ അവർ ആരാധിക്കുന്ന (വസ്തുക്കളെ)യും അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (അല്ലാഹു)അവരോട് ചോദിക്കും: നിങ്ങളാണോ എൻെറ ഈ ദാസന്മാരെ വഴിപിഴപ്പിച്ചത്. അതല്ല; അവർ സ്വയം പിഴച്ചുപോയതാണോ?

**قَالُوا سُبْحَانَكَ مَا كَانَ يَنْبَغِي لَنَا أَنْ نَتَّخِذَ مِنْ دُونِكَ مِنْ أَوْلِيَاءَ وَلَٰكِنْ مَتَّعْتَهُمْ وَآبَاءَهُمْ حَتَّىٰ نَسُوا الذِّكْرَ وَكَانُوا قَوْمًا بُورًا(18)**

18. അപ്പോൾ അവർ(ആരാധ്യർ) പറയും: നീ എത്ര പരിശുദ്ധൻ! നിന്നെക്കൂടാതെ വല്ല രക്ഷാധികാരികളെയും സ്വീകരിക്കുക എന്നത് ഞങ്ങൾക്ക് ചേർന്നതേയല്ല. എന്നാൽ നീ അവർക്കും അവരുടെ പിതാക്കൾക്കും സുഖസൗകര്യങ്ങൾ നൽകി. അങ്ങനെ അവർ ഉൽബോധനം മറന്നുകളയുകയും, നശിച്ച ഒരു ജനതയായിത്തീരുകയും ചെയ്തു.

**فَقَدْ كَذَّبُوكُمْ بِمَا تَقُولُونَ فَمَا تَسْتَطِيعُونَ صَرْفًا وَلَا نَصْرًا وَمَنْ يَظْلِمْ مِنْكُمْ نُذِقْهُ عَذَابًا كَبِيرًا(19)**

19. അങ്ങനെ അവർ (നിങ്ങളുടെ ആരാധ്യന്മാർ) ഇന്ന് നിങ്ങൾ പറയുന്നതൊക്കെ നിഷേധിക്കും. അപ്പോൾ (ശിക്ഷയെ)തട്ടിമാറ്റാനോ എന്തെങ്കിലും സഹായം നേടാനോ നിങ്ങൾക്കു കഴിയുകയില്ല. അതിനാൽ നിങ്ങളിൽനിന്ന് അക്രമം കാണിച്ചവരെ നാം കഠിനശിക്ഷ ആസ്വദിപ്പിക്കുന്നതാണ്.

وَمَا أَرْسَلْنَا قَبْلَكَ مِنَ الْمُرْسَلِينَ إِلَّا إِنَّهُمْ لَيَأْكُلُونَ الطَّعَامَ وَيَمْشُونَ فِي الْأَسْوَاقِ وَجَعَلْنَا بَعْضَكُمْ لِبَعْضٍ فِتْنَةً أَتَصْبِرُونَ وَكَانَ رَبُّكَ بَصِيرًا(20)

20. ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്ക് മുമ്പ് ദൂതന്മാരിൽപെട്ട ആരേയും നാം അയച്ചിട്ടില്ല. (വാസ്തവത്തിൽ) നാം നിങ്ങളിൽ ചിലരെ മറ്റുള്ളവർക്ക് ഒരു പരീക്ഷണമാക്കിയിരിക്കുന്നു. നിങ്ങൾ ക്ഷമിക്കുന്നുവോ (എന്ന് നോക്കുന്നതിന്). നിൻെറ രക്ഷിതാവ് എല്ലാം കാണുന്നുണ്ട്.

وَقَالَ الَّذِينَ لَا يَرْجُونَ لِقَاءَنَا لَوْلَا أُنْزِلَ عَلَيْنَا الْمَلَائِكَةُ أَوْ نَرَى رَبَّنَا لَقَدِ اسْتَكْبَرُوا فِي أَنْفُسِهِمْ وَعَتَوْا عُتُوًّا كَبِيرًا(21)

21. നാമുമായുള്ള കൂടിക്കാഴ്ചയെ പ്രത്യാശിക്കാത്തവർ പറയുന്നു: ഞങ്ങളിലേക്ക് മലക്കുകളെ അയക്കപ്പെടാത്തതെന്ത്? അല്ലെങ്കിൽ രക്ഷിതാവിനെ ഞങ്ങൾ നേരിൽ കാണാത്തതെന്ത്? തീർച്ചയായും അവർ സ്വയം ഗർവ്വ് നടിക്കുകയും, വലിയ ധിക്കാരം കാണിക്കുകയും ചെയ്തിരിക്കുന്നു.

يَوْمَ يَرَوْنَ الْمَلَائِكَةَ لَا بُشْرَى يَوْمَئِذٍ لِلْمُجْرِمِينَ وَيَقُولُونَ حِجْرًا مَحْجُورًا(22)

22. മലക്കുകളെ അവർ കാണുന്ന ദിവസം. അന്ന് കുറ്റവാളികൾക്ക് ശുഭവാർത്തയൊന്നുമില്ല. അവർ ഇങ്ങനെ പറയും: വിലക്കപ്പെട്ട ഒരു നിരോധനം.

وَقَدِمْنَا إِلَى مَا عَمِلُوا مِنْ عَمَلٍ فَجَعَلْنَاهُ هَبَاءً مَنْثُورًا(23)

23. അവർ പ്രവർത്തിച്ചിരുന്ന കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, അങ്ങനെ നാമവയെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും.

أَصْحَابُ الْجَنَّةِ يَوْمَئِذٍ خَيْرٌ مُسْتَقَرًّا وَأَحْسَنُ مَقِيلًا(24)

24. അന്ന് സ്വർഗ്ഗവാസികൾ നല്ല വാസസ്ഥലവും ഉത്തമമായ വിശ്രമകേന്ദ്രവും ഉള്ളവരായിരിക്കും.

وَيَوْمَ تَشَقَّقُ السَّمَاءُ بِالْغَمَامِ وَنُزِّلَ الْمَلَائِكَةُ تَنْزِيلًا(25)

25. ആകാശം വെൺമേഘങ്ങളോടെ പൊട്ടിപ്പിളരുകയും, മലക്കുകൾ ഒരിറക്കത്താൽ (കൂട്ടംകൂട്ടമായി) ഇറക്കപ്പെടുകയും ചെയ്യുന്ന ദിവസം.

الْمُلْكُ يَوْمَئِذٍ الْحَقُّ لِلرَّحْمَنِ وَكَانَ يَوْمًا عَلَى الْكَافِرِينَ عَسِيرًا(26)

26. അന്ന് യഥാർഥ ആധിപത്യം പരമകാരുണികനായിരിക്കും. സത്യനിഷേധികൾക്കാണെങ്കിൽ അത് ഏറെ ക്ലേശകരമായ ദിവസമായിരിക്കും.

وَيَوْمَ يَعَضُّ الظَّالِمُ عَلَى يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلًا(27)

27. അക്രമി തൻെറ കൈ കടിക്കുന്ന ദിവസം! അവൻ പറയും: ഹാ കഷ്ടം! ഞാൻ ദൈവദൂതനോടൊപ്പം നേർവഴി കൈക്കൊണ്ടിരുന്നുവെങ്കിൽ!

يَا وَيْلَتَى لَيْتَنِي لَمْ أَتَّخِذْ فُلَانًا خَلِيلًا(28)

28. അഹോ! എന്റെ നാശമേ! ഇന്ന ആളെ ഞാന്‍ സുഹൃത്തായി എടുത്തിട്ടില്ലായിരുന്നെങ്കില്‍!

لَقَدْ أَضَلَّنِي عَنِ الذِّكْرِ بَعْدَ إِذْ جَاءَنِي وَكَانَ الشَّيْطَانُ لِلْإِنْسَانِ خَذُولًا(29)

29. എനിക്ക്‌ ഉദ്ബോധനം വന്നെത്തിയശേഷം അവന്‍ എന്നെ അതില്‍നിന്ന്‌ തെറ്റിച്ചുകളഞ്ഞു. പിശാച്‌ മനുഷ്യനെ (സമയത്തു)കൈവിട്ടു കളയുന്നവനത്രേ.

وَقَالَ الرَّسُولُ يَا رَبِّ إِنَّ قَوْمِي اتَّخَذُوا هَذَا الْقُرْآنَ مَهْجُورًا(30)

30. റസൂല്‍(പ്രവാചകന്‍) അന്ന്‌ പറയും: എന്റെ രക്ഷിതാവേ! തീര്‍ച്ചയായും എന്റെ ജനം ഈ ഖുര്‍ആനെ തീര്‍ത്തും നിരാകരിച്ചു.

وَكَذَلِكَ جَعَلْنَا لِكُلِّ نَبِيٍّ عَدُوًّا مِنَ الْمُجْرِمِينَ وَكَفَى بِرَبِّكَ هَادِيًا وَنَصِيرًا(31)

31. അപ്രകാരം എല്ലാ പ്രവാചകന്മാര്‍ക്കും കുറ്റവാളികളായ ചില ശത്രുക്കളെ നാം ഉണ്ടാക്കിയിരിക്കുന്നു. ഒരു വഴികാട്ടിയും ഒരു സഹായിയും ആയി നിന്റെ രക്ഷിതാവ്‌ മതി.

وَقَالَ الَّذِينَ كَفَرُوا لَوْلَا نُزِّلَ عَلَيْهِ الْقُرْآنُ جُمْلَةً وَاحِدَةً كَذَلِكَ لِنُثَبِّتَ بِهِ فُؤَادَكَ وَرَتَّلْنَاهُ تَرْتِيلًا(32)

32. അവിശ്വാസികള്‍ ചോദിക്കുന്നു: ഖുര്‍ആന്‍ (മുഴുവനും) ഒരൊറ്റ തവണയായി എന്തുകൊണ്ട്‌ അവന്ന്‌ ഇറക്കപ്പെടുന്നില്ല? ഇപ്രകാരം(ഇറക്കപ്പെടുന്നത്‌)നിന്റെ ഹൃദയത്തെ അതില്‍കൂടി നാം ഉറപ്പിക്കുന്നതിനു വേണ്ടിയത്രേ. നാം അതിനെ ഒരു നിശ്ചിതക്രമത്തില്‍ വെവ്വേറെ ഭാഗങ്ങളാക്കുകയും ചെയ്തു.

وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا(33)

33. അവര്‍ ഏതൊരു പ്രശ്നവുമായി നിന്നെ സമീപിക്കുകയാണെങ്കിലും അതിന്റെ സത്യവും ഏറ്റവും നല്ല വിശദീകരണവും നിനക്കു നാം എത്തിച്ചുതരാതിരിക്കില്ല.

الَّذِينَ يُحْشَرُونَ عَلَى وُجُوهِهِمْ إِلَى جَهَنَّمَ أُولَئِكَ شَرٌّ مَكَانًا وَأَضَلُّ سَبِيلًا(34)

34. മുഖംകുത്തി നരകത്തിലേക്ക്‌ തെളിച്ചു കൂട്ടപ്പെടുന്നവരാരോ അവരാണ്‌ സ്ഥാനം കൊണ്ട്‌ ഏറ്റം ചീത്തയും ഏറ്റവും വഴിപിഴച്ചു പോയവരും.

وَلَقَدْ آتَيْنَا مُوسَى الْكِتَابَ وَجَعَلْنَا مَعَهُ أَخَاهُ هَارُونَ وَزِيرًا(35)

35. മൂസാക്കു തീര്‍ച്ചയായും നാം വേദം നല്‍കുകയും അദ്ദേഹത്തോടൊപ്പം സഹോദരന്‍ ഹാറൂനെ സഹായിയായി നിശ്ചയിക്കുകയും ചെയ്തു.

فَقُلْنَا اذْهَبَا إِلَى الْقَوْمِ الَّذِينَ كَذَّبُوا بِآيَاتِنَا فَدَمَّرْنَاهُمْ تَدْمِيرًا(36)

36. എന്നിട്ടു നാം പറഞ്ഞു: നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച ജനതയിലേക്ക്‌ നിങ്ങള്‍ പോകുവിന്‍. ഒടുവില്‍ നാം അവരെ തകര്‍ത്തുതരിപ്പണമാക്കി.

وَقَوْمَ نُوحٍ لَمَّا كَذَّبُوا الرُّسُلَ أَغْرَقْنَاهُمْ وَجَعَلْنَاهُمْ لِلنَّاسِ آيَةً وَأَعْتَدْنَا لِلظَّالِمِينَ عَذَابًا أَلِيمًا(37)

37. നൂഹിന്റെ ജനതയെയും-ദൂതന്മാരെ അവര്‍ നിഷേധിച്ചപ്പോള്‍, അവരെ നാം മുക്കിക്കൊന്നു. അവരെ നാം മനുഷ്യര്‍ക്ക്‌ ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു. അക്രമികള്‍ക്ക്‌(പരലോകത്ത്‌) വേദനയേറിയ ശിക്ഷ നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

وَعَادًا وَثَمُودَ وَأَصْحَابَ الرَّسِّ وَقُرُونًا بَيْنَ ذَلِكَ كَثِيرًا(38)

38. ആദ് സമുദായത്തെയും, സമൂദ് സമുദായത്തെയും, റസ്സുകാരെയും അതിനിടയി
ലെ നിരവധി തലമുറകളെയും (നാം നശിപ്പിച്ചിട്ടുണ്ട്.)

وَكُلًّا ضَرَبْنَا لَهُ الْأَمْثَالَ وَكُلًّا تَبَّرْنَا تَتْبِيرًا(39)

39. എല്ലാവർക്കും നാം (നാശവിധേയരായ പൂർവ്വികരുടെ)ഉദാഹരണങ്ങൾ വിവരിച്ചു
കൊടുത്തു. (അത് തള്ളിക്കളഞ്ഞപ്പോൾ)എല്ലാവരെയും നാം നിശ്ശേഷം നശിപ്പി
ക്കുകയും ചെയ്തു.

وَلَقَدْ أَتَوْا عَلَى الْقَرْيَةِ الَّتِي أُمْطِرَتْ مَطَرَ السَّوْءِ أَفَلَمْ يَكُونُوا يَرَوْنَهَا بَلْ كَانُوا لَا يَرْجُونَ نُشُورًا(40)

40. ഒരു ചീത്ത മഴ വർഷിപ്പിക്കപ്പെട്ട നാട്ടിലൂടെ(1)തീർച്ചയായും അവർ കടന്നു
പോയിട്ടുണ്ട്. എന്നിട്ടും ഇവരിതൊന്നും കണ്ടിട്ടില്ലേ? അല്ല, ഇവർ ഉയിർത്തെഴു
ന്നേൽപ് പ്രതീക്ഷിക്കാത്തവരാകുന്നു.

---

(1). ലൂത്ത് നബി(അ)യുടെ നാടായ സദൂം(സൊദോം) ആണ് ഉദ്ദേശ്യം. ചീത്ത മഴകൊണ്ടുദ്ദേശ്യം ഖുർആൻ പലയിടത്തും പരാമർശിച്ചിട്ടുള്ള ശിലാവർഷമാകുന്നു. ഫലസ്തീനിലേക്കും ശാമി ലേക്കും സഞ്ചരിക്കുന്ന സാർത്ഥവാഹകസംഘങ്ങൾ ആ നശീകരണത്തിൻെറ അടയാളങ്ങൾ കാണുകയും സമീപസ്ഥ ജനങ്ങളിൽനിന്ന് ലൂത്ത് ജനതയെ സംബന്ധിച്ച കഥകൾ കേൾക്കു കയും ചെയ്തിരുന്നു.

---

وَإِذَا رَأَوْكَ إِنْ يَتَّخِذُونَكَ إِلَّا هُزُوًا أَهَذَا الَّذِي بَعَثَ اللَّهُ رَسُولًا(41)

41. നിന്നെ കാണുമ്പോഴൊക്കെ അവർ പരിഹസിക്കുകയാണ്. (അവർ പറയുന്നു:)
ഇവനാണോ അല്ലാഹു ദൂതനായി അയച്ചവൻ?

إِنْ كَادَ لَيُضِلُّنَا عَنْ آلِهَتِنَا لَوْلَا أَنْ صَبَرْنَا عَلَيْهَا وَسَوْفَ يَعْلَمُونَ حِينَ يَرَوْنَ الْعَذَابَ مَنْ أَضَلُّ سَبِيلًا(42)

42. നമ്മുടെ ദൈവങ്ങളുടെ കാര്യത്തിൽ നാം ക്ഷമയോടെ ഉറച്ചുനിന്നിരുന്നില്ലെങ്കിൽ
അവയിൽനിന്ന് ഇവൻ നമ്മെ തെറ്റിച്ചുകളയുമായിരുന്നു. ആരാണ് അധികം
വഴിതെറ്റിയത് എന്ന്, ശിക്ഷ കാണുന്ന സമയം അവർ അറിയും.

أَرَأَيْتَ مَنِ اتَّخَذَ إِلَهَهُ هَوَاهُ أَفَأَنْتَ تَكُونُ عَلَيْهِ وَكِيلًا(43)

43. തൻെറ ദേഹേച്ഛയെ തൻെറ ദൈവമാക്കിയവനെ നീ കണ്ടുവോ? ഇങ്ങനെയുള്ളവ
നെ (നേർവഴിയിലാക്കാനുള്ള) ചുമതലയേൽക്കാൻ നിനക്കു കഴിയുമോ?

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ إِنْ هُمْ إِلَّا كَالْأَنْعَامِ بَلْ هُمْ أَضَلُّ سَبِيلًا(44)

44. ഇവരിൽ അധികമാളുകളും കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നുണ്ടെന്ന് നീ
കരുതുന്നുവോ? ഇവരോ, വെറും കാലികളെപ്പോലെയാകുന്നു. അല്ല, അവയെ
ക്കാളേറെ വഴിപിഴച്ചവരാകുന്നു.

أَلَمْ تَرَ إِلَى رَبِّكَ كَيْفَ مَدَّ الظِّلَّ وَلَوْ شَاءَ لَجَعَلَهُ سَاكِنًا ثُمَّ جَعَلْنَا الشَّمْسَ عَلَيْهِ دَلِيلًا(45)

45. നിൻെറ രക്ഷിതാവിനെക്കുറിച്ച് നീ ആലോചിച്ചുനോക്കിയിട്ടില്ലേ? എങ്ങനെയാ
ണവൻ നിഴലിനെ നീട്ടിയിട്ടുകൊണ്ടിരിക്കുന്നതെന്ന്. അവൻ ഉദ്ദേശിച്ചിരുന്നുവെ
ങ്കിൽ അതിനെ അവൻ(ഒരേ സ്ഥലത്തുതന്നെ)നിശ്ചലമാക്കുമായിരുന്നു. സൂര്യനെ
നാം അതിൻെറ വഴികാട്ടിയാക്കി.

ثُمَّ قَبَضْنَاهُ إِلَيْنَا قَبْضًا يَسِيرًا(46)

46. പിന്നെ (സൂര്യൻ പൊങ്ങുന്നതനുസരിച്ച്) നാം അതിനെ(നിഴലിനെ) അൽപാൽപമായി നമ്മുടെ അടുത്തേക്ക് ചുരുക്കിക്കൊണ്ടുവരുന്നു.

وَهُوَ الَّذِي جَعَلَ لَكُمُ اللَّيْلَ لِبَاسًا وَالنَّوْمَ سُبَاتًا وَجَعَلَ النَّهَارَ نُشُورًا(47)

47. അവനാണ് നിങ്ങൾക്ക് രാത്രിയെ വസ്ത്രമാക്കിയതും, ഉറക്കത്തെ ഒരു വിശ്രമവും ആക്കിത്തന്നവൻ. പകലിനെ ഉണർവുവേളയുമാക്കിയതും അവൻ തന്നെ.

وَهُوَ الَّذِي أَرْسَلَ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ وَأَنْزَلْنَا مِنَ السَّمَاءِ مَاءً طَهُورًا(48)

48. തൻെറ അനുഗ്രഹത്തിന്നു മുന്നോടിയായി കാറ്റുകളെ ശുഭവാർത്തയുമായി അയച്ചവനും അവൻ തന്നെയാകുന്നു. ആകാശത്തു നിന്ന് ശുദ്ധജലത്തെ നാം ഇറക്കുകയും ചെയ്യുന്നു.

لِنُحْيِيَ بِهِ بَلْدَةً مَيْتًا وَنُسْقِيَهُ مِمَّا خَلَقْنَا أَنْعَامًا وَأَنَاسِيَّ كَثِيرًا(49)

49. അതുമൂലം നിർജ്ജീവമായ പ്രദേശങ്ങളെ സജീവമാക്കുന്നതിനും, നാം സൃഷ്ടിച്ചിട്ടുള്ള ഒട്ടേറെ കാലികൾക്കും മനുഷ്യർക്കും അതു നാം കുടിക്കാൻ കൊടുക്കുന്നതിനും വേണ്ടി.

وَلَقَدْ صَرَّفْنَاهُ بَيْنَهُمْ لِيَذَّكَّرُوا فَأَبَى أَكْثَرُ النَّاسِ إِلَّا كُفُورًا(50)

50. അവർ ഉൽബുദ്ധരാകുന്നതിനുവേണ്ടി നാം അത്(മഴവെള്ളം) അവർക്കിടയിൽ വിതരണം ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യരിൽ ഏറെപ്പേരും നന്ദികേടല്ലാതെ (മറ്റൊരു നിലപാട് സ്വീകരിക്കാൻ) വിസമ്മതിക്കുകയാകുന്നു.

وَلَوْ شِئْنَا لَبَعَثْنَا فِي كُلِّ قَرْيَةٍ نَذِيرًا(51)

51. നാം നിശ്ചയിച്ചിരുന്നുവെങ്കിൽ ഓരോ പട്ടണത്തിലും ഓരോ മുന്നറിയിപ്പുകാരനെ നാം നിയോഗിക്കുമായിരുന്നു.

فَلَا تُطِعِ الْكَافِرِينَ وَجَاهِدْهُمْ بِهِ جِهَادًا كَبِيرًا(52)

52. അതിനാൽ സത്യനിഷേധികളെ നീ അനുസരിക്കരുത്. ഇത്(ഖുർആൻ) ഉപയോഗിച്ച് നീ അവരോട് ശക്തമായി സമരം ചെയ്യുക.

وَهُوَ الَّذِي مَرَجَ الْبَحْرَيْنِ هَذَا عَذْبٌ فُرَاتٌ وَهَذَا مِلْحٌ أُجَاجٌ وَجَعَلَ بَيْنَهُمَا بَرْزَخًا وَحِجْرًا مَحْجُورًا(53)

53. രണ്ട് സമുദ്രങ്ങളെ കൂട്ടിച്ചേർത്തതും അവൻ തന്നെയാകുന്നു. ഒന്ന് സ്വാദിഷ്ടമായ ശുദ്ധജലം. മറ്റേത് ചവർപ്പുള്ള ഉപ്പുജലവും. രണ്ടിനുമിടയിൽ ഒരു മറയുണ്ട്. അവ (കൂടിക്കലരുന്നതിനെ)വിലക്കുന്ന ഒരു തടസ്സം.

وَهُوَ الَّذِي خَلَقَ مِنَ الْمَاءِ بَشَرًا فَجَعَلَهُ نَسَبًا وَصِهْرًا وَكَانَ رَبُّكَ قَدِيرًا(54)

54. ജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചവനും അവൻ തന്നെയാകുന്നു. അങ്ങനെ അവനെ രക്തബന്ധവും വിവാഹബന്ധവുമുള്ളവനാക്കി. നിൻെറ നാഥൻ എല്ലാറ്റിനും കഴിവുറ്റവനാണ്.

وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لَا يَنْفَعُهُمْ وَلَا يَضُرُّهُمْ وَكَانَ الْكَافِرُ عَلَى رَبِّهِ ظَهِيرًا(55)

55. അല്ലാഹുവെക്കൂടാതെ, അവർക്ക് ഗുണമോ ദോഷമോ ചെയ്യാത്തതിനെ അവർ ആരാധിക്കുന്നു. സത്യനിഷേധി തൻെറ നാഥനെതിരെ (എല്ലാ ദുശ്ശക്തികളെയും) സഹായിക്കുന്നവനുമായിരിക്കുന്നു.

وَمَا أَرْسَلْنَاكَ إِلَّا مُبَشِّرًا وَنَذِيرًا(56)

56. (നബിയെ,) സന്തോഷവാർത്ത നൽകുന്നവനായും മുന്നറിയിപ്പുകൊടുക്കുന്നവനായും അല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

قُلْ مَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ إِلَّا مَنْ شَاءَ أَنْ يَتَّخِذَ إِلَى رَبِّهِ سَبِيلًا(55)

57. പറയുക: ഇതിൻെറ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല. ആരെങ്കിലും തൻെറ രക്ഷിതാവിങ്കലേക്കുള്ള വഴിയവലംബിക്കാനുദ്ദേശിക്കുന്നുവെങ്കിൽ (അങ്ങനെ ചെയ്തുകൊള്ളട്ടെ എന്ന്) മാത്രം.

وَتَوَكَّلْ عَلَى الحَيِّ الَّذِي لَا يَمُوتُ وَسَبِّحْ بِحَمْدِهِ وَكَفَى بِهِ بِذُنُوبِ عِبَادِهِ خَبِيرًا(58)

58. (നബിയെ,) എന്നെന്നും ജീവിച്ചിരിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമായ (അല്ലാഹുവിൽ)നീ ഭരമേൽപിക്കുക. അവനെ സ്തുതിക്കുകയും വാഴ്ത്തിക്കൊണ്ടിരിക്കുകയും ചെയ്യുക. തൻെറ അടിമകളുടെ പാപങ്ങളെക്കുറിച്ച് അവൻ സൂക്ഷ്മമായി അറിവുള്ളവനാണ് എന്നതുതന്നെ തികച്ചും മതിയായതത്രെ.

الَّذِي خَلَقَ السَّمَاوَاتِ وَالأَرْضَ وَمَا بَيْنَهُمَا فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَى عَلَى العَرْشِ الرَّحْمَنُ فَاسْأَلْ بِهِ خَبِيرًا(59)

59. ആകാശങ്ങളെയും ഭൂമിയെയും അവ രണ്ടിനുമിടയിലുള്ളതിനെയും ആറു നാളുകളിലായി സൃഷ്ടിച്ചവൻ. പിന്നെ അവൻ സിംഹാസനസ്ഥനായി.(2) പരമകാരുണികൻ! അവനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവരോടു ചോദിച്ചുനോക്കുക.

---

(2). അല്ലാഹുവിൻെറ ഈ സിംഹാസനാരോഹണം ഏതുതരത്തിലുള്ളതാണെന്നു മനസ്സിലാക്കുക നമ്മെ സംബന്ധിച്ചേടത്തോളം പ്രയാസകരമാണ്. എങ്കിലും ഖുർആനിൽ ഈ പരാമർശത്തിൻെറ ഉദ്ദേശ്യമിതാണ്: പ്രപഞ്ചത്തിൻെറ സ്രഷ്ടാവും സംവിധായകനും മാത്രമല്ല അല്ലാഹു. അതിൻെറ നിയന്താവും ഭരണാധിപനും കൂടിയാണ്. പ്രപഞ്ചസൃഷ്ടിക്കു ശേഷം അതുമായി യാതൊരു ബന്ധവും പുലർത്താതെ എവിടെയോ സ്വസ്ഥമായി കഴിഞ്ഞുകൂടുകയല്ല അവൻ. പ്രപഞ്ചത്തെ സൃഷ്ടിച്ചശേഷം അതിൽ ഭരണം നടത്താൻ മറ്റാരെയെങ്കിലും ഏൽപിക്കുകയോ അഥവാ, അവരിൽ ഏതെങ്കിലും വിഭാഗത്തെ ഇഷ്ടംപോലെ പ്രവർത്തിച്ചുകൊള്ളുവാൻ വിടുകയോ അല്ല അവൻ ചെയ്തിട്ടുള്ളത്. പ്രത്യുത പ്രപഞ്ചമഖിലത്തിൻെറ നിയന്ത്രണം ഫലത്തിൽതന്നെ അവൻെറ കൈകളിലാണ്. രാപ്പകലുകളുടെ ഭ്രമണം സ്വയമേവ ഉണ്ടാകുന്ന ഒരു പ്രതിഭാസമല്ല. സൂര്യ ചന്ദ്ര നക്ഷത്രാദികൾ സ്വയം യാതൊരു ശക്തിയുടെയും ഉടമകളല്ല. ദൈവികഹസ്തത്തിൽ കേവലം ആജ്ഞാനുവർത്തികളാണവ. ചെറുതും വലുതുമായ എല്ലാ വസ്തുവും അവൻെറ മാത്രം അജ്ഞാനുവർത്തിയും ഹിതാനുസാരിയുമത്രെ. ഈ യാഥാർഥ്യം മനസ്സിലാക്കാത്തതിൻെറ ഫലമായി മനുഷ്യൻ ചിലപ്പോൾ ബഹുദൈവ വിശ്വാസമാകുന്ന അബദ്ധത്തിലേക്കും ചിലപ്പോൾ സ്വാധികാര പ്രമത്തതയാകുന്ന അബദ്ധത്തിലേക്കും ചെന്ന് വീഴുന്നു. മനുഷ്യൻ ഒന്നുകിൽ തൻെറ ഭാഗധേയം അല്ലാഹുവല്ലാത്ത മറ്റു വല്ലവരോടും ബന്ധപ്പെടുത്തുകയും അവരുടെ മുമ്പിൽ അടിമയായി തലകുനിച്ച് പൂജിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ തൻെറ ഭാഗധേയം നിർണ്ണയിക്കുന്നത് താൻ മാത്രമാണെന്ന് ധരിച്ച് സ്വേച്ഛാപ്രമത്തനായിത്തീരുന്നു. ദൈവത്തിനു പ്രാപഞ്ചിക ഭരണകാര്യങ്ങളുമായി പ്രായോഗികബന്ധമൊന്നുമില്ലെന്ന അബദ്ധധാരണയുടെ അനിവാര്യഫലമാണിത്.

---

وَإِذَا قِيلَ لَهُمُ اسْجُدُوا لِلرَّحْمَنِ قَالُوا وَمَا الرَّحْمَنُ أَنَسْجُدُ لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا(60)

60. ''പരമകാരുണികന് നിങ്ങൾ പ്രണാമം ചെയ്യുവിൻ'' എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും: 'എന്താണ് പരമകാരുണികൻ? നീ പറയുന്നവരെ ഞ

ങ്ങളം പ്രണമിക്കണമെന്നോ?' അങ്ങനെ (സത്യപ്രബോധനം) അവരുടെ അകൽച്ച വർദ്ധിപ്പിക്കുകയാണ് ചെയ്തത്.

تَبَارَكَ الَّذِي جَعَلَ فِي السَّمَاءِ بُرُوجًا وَجَعَلَ فِيهَا سِرَاجًا وَقَمَرًا مُنِيرًا(61)

61. ആകാശത്ത് നക്ഷത്രമണ്ഡലങ്ങളം ഉണ്ടാക്കിയവൻ അനുഗ്രഹപൂർണ്ണനത്രേ. അതിലൊരു ദീപവും(സൂര്യൻ) ശോഭിക്കുന്ന ചന്ദ്രനും അവൻ ഉണ്ടാക്കിയിരിക്കുന്നു.

وَهُوَ الَّذِي جَعَلَ اللَّيْلَ وَالنَّهَارَ خِلْفَةً لِمَنْ أَرَادَ أَنْ يَذَّكَّرَ أَوْ أَرَادَ شُكُورًا(62)

62. രാപകലുകളെ പരസ്പരം അനുഗാമികളാക്കിയതും അവൻതന്നെ. ഉൽബുദ്ധനാവാനോ നന്ദിയുള്ളവനാകാനോ ആഗ്രഹിക്കുന്നവന്നുവേണ്ടി.

وَعِبَادُ الرَّحْمَنِ الَّذِينَ يَمْشُونَ عَلَى الْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ الْجَاهِلُونَ قَالُوا سَلَامًا(63)

63. പരമകാരുണികന്റെ ദാസന്മാർ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാകുന്നു. അവിവേകികളം അവരെ നേരിട്ടാൽ, അവർ പറയും; 'നിങ്ങളംക്കു സമാധാനം'.

وَالَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَامًا(64)

64. സാഷ്ടാംഗം പ്രണമിച്ചും നിന്ന് നമസ്കരിച്ചും തങ്ങളുടെ രക്ഷിതാവിന്റെ മുമ്പിൽ രാത്രി കഴിച്ചുകൂട്ടുന്നവരാണവർ.

وَالَّذِينَ يَقُولُونَ رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا(65)

65. അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു: ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ നരകശിക്ഷയിൽനിന്ന് മോചിപ്പിക്കേണമേ! തീർച്ചയായും അതിലെ ശിക്ഷ വിട്ടുമാറാത്തതാകുന്നു.

إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا(66)

66. തീർച്ചയായും അത് ഏറ്റം ചീത്തയായ താവളവും മോശമായ പാർപ്പിടവുമത്രെ.

وَالَّذِينَ إِذَا أَنْفَقُوا لَمْ يُسْرِفُوا وَلَمْ يَقْتُرُوا وَكَانَ بَيْنَ ذَلِكَ قَوَامًا(67)

67. ചെലവഴിക്കുമ്പോഠം അവർ ധൂർത്തടിക്കുകയോ പിശുക്കുകാട്ടുകയോ ഇല്ല. അതിന് രണ്ടിനുമിടയ്ക്ക് മിതമാർഗം സ്വീകരിക്കുന്നവരാണവർ.

وَالَّذِينَ لَا يَدْعُونَ مَعَ اللهِ إِلَهًا آخَرَ وَلَا يَقْتُلُونَ النَّفْسَ الَّتِي حَرَّمَ اللهُ إِلَّا بِالْحَقِّ وَلَا يَزْنُونَ وَمَنْ يَفْعَلْ ذَلِكَ يَلْقَ أَثَامًا(68)

68. അല്ലാഹുവോടൊപ്പം മറ്റു ദൈവങ്ങളെ വിളിച്ചു പ്രാർത്ഥിക്കാത്തവരും, അല്ലാഹു ആദരണീയമാക്കിയ ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിക്കാത്തവരും, വ്യഭിചരിക്കാത്തവരുമാണവർ. ആ കാര്യങ്ങളം ആരെങ്കിലും ചെയ്യുകയാണെങ്കിൽ അവൻ അതിന്റെ പാപഫലം അനുഭവിക്കുകതന്നെ ചെയ്യും.

يُضَاعَفْ لَهُ الْعَذَابُ يَوْمَ الْقِيَامَةِ وَيَخْلُدْ فِيهِ مُهَانًا(69)

69. ഉയിർത്തെഴുന്നേൽപുനാളിൽ അവന് ഇരട്ടി ശിക്ഷ നൽകപ്പെടുന്നതാകുന്നു. അവൻ നിന്ദിതനായി അതിൽത്തന്നെ എന്നെന്നും പാർക്കുകയും ചെയ്യും.

إِلَّا مَنْ تَابَ وَءَامَنَ وَعَمِلَ عَمَلًا صَالِحًا فَأُولَئِكَ يُبَدِّلُ اللهُ سَيِّئَاتِهِمْ حَسَنَاتٍ وَكَانَ اللهُ غَفُورًا رَحِيمًا(70)

70. (ഈ കുറ്റങ്ങളംക്ക് ശേഷം) പശ്ചാത്തപിക്കുകയും സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാരുടെ തിന്മകളം അല്ലാഹു നന്മകളാക്കിമാറ്റും.(3) അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

(3). അവർ പശ്ചാത്തപിക്കുകയാണെങ്കിൽ പണ്ട് സത്യനിഷേധത്തിൻെറ ജീവിതത്തിൽ ചെയ്തുകൊണ്ടിരുന്ന പാപങ്ങളുടെ സ്ഥാനത്ത് ഇപ്പോൾ വിശ്വാസത്തിൻെറയും വണക്കത്തിൻെറയും ജീവിതത്തിൽ അല്ലാഹുവിൻെറ അനുഗ്രഹത്താൽ സൽക്കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതും സകല തിന്മകളുടെയും സ്ഥാനങ്ങളിൽ നന്മകൾ ഉണ്ടായിത്തീരുന്നതുമാകുന്നു. കൂടാതെ ഈ ദാസൻ ദൈവധിക്കാരവും നിഷേധവും വർജ്ജിച്ച് അനുസരണവും കീഴ് വണക്കവും സ്വീകരിച്ചവനാണ് എന്ന നന്മയും അയാളുടെ പ്രവർത്തനറിക്കാർഡിൽ എഴുതപ്പെടുന്നു.

---

وَمَنْ تَابَ وَعَمِلَ صَالِحًا فَإِنَّهُ يَتُوبُ إِلَى اللهِ مَتَابًا(71)

71. വല്ലവനും പശ്ചാത്തപിക്കുകയും സൽക്കർമം പ്രവർത്തിക്കുകയുമാണെങ്കിൽ അവൻ അല്ലാഹുവിങ്കലേക്ക് യഥാവിധി മടങ്ങുകയാണ് ചെയ്യുന്നത്.

وَالَّذِينَ لَا يَشْهَدُونَ الزُّورَ وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا(72)

72. അസത്യത്തിന് സാക്ഷ്യം വഹിക്കാത്തവരും, വല്ല അനാവശ്യങ്ങൾക്കരികിലൂടെയും കടന്നുപോകാനിടയായാൽ മാന്യന്മാരായി കടന്നുപോകുന്നവരുമാണവർ.

وَالَّذِينَ إِذَا ذُكِّرُوا بِآيَاتِ رَبِّهِمْ لَمْ يَخِرُّوا عَلَيْهَا صُمًّا وَعُمْيَانًا(73)

73. തങ്ങളുടെ നാഥൻെറ സൂക്തങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ അതിനോടവർ അന്ധരും ബധിരരുമായി വർത്തിക്കുകയുമില്ല.(4)

---

(4). ഈ സജ്ജനങ്ങൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ ശ്രവിക്കുമ്പോൾ നിഷ്ക്രിയരും നിശ്ചിന്തരുമായി നില്ക്കുന്നവരല്ല. മറിച്ച്, തങ്ങളുടെ ഹൃദയകവാടം തുറന്നിട്ട് അവർ അതിനെ സ്വാഗതം ചെയ്യുന്നു. ആ ദൃഷ്ടാന്തങ്ങളിലൂടെ വെളിപ്പെടുന്ന നിർദ്ദേശങ്ങളെ പിൻപറ്റുകയും ചെയ്യുന്നു.

---

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا(74)

74. അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കും: ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും സന്താനങ്ങളിൽനിന്നും ഞങ്ങൾക്കു നീ കൺകുളിർമ നൽകേണമേ. ഞങ്ങളെ നീ ഭക്തന്മാരുടെ നേതാവാക്കണമേ!

أُولَئِكَ يُجْزَوْنَ الْغُرْفَةَ بِمَا صَبَرُوا وَيُلَقَّوْنَ فِيهَا تَحِيَّةً وَسَلَامًا(75)

75. അത്തരക്കാർക്ക് അവർ ക്ഷമിച്ചതിൻെറ പേരിൽ (സ്വർഗത്തിലെ) ഉന്നതസ്ഥാനങ്ങൾ പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടെയും സമാധാനാശംസകളോടെയും അവർ അവിടെ സ്വീകരിക്കപ്പെടുന്നതാണ്.

خَالِدِينَ فِيهَا حَسُنَتْ مُسْتَقَرًّا وَمُقَامًا(76)

76. അവർ അവിടെ എന്നെന്നും വസിക്കുകയായി. എത്ര നല്ല താവളവും വാസസ്ഥലവും!

قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَاؤُكُمْ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا(77)

77. (നബിയെ) പറയുക: എൻെറ രക്ഷിതാവിന് നിങ്ങളെക്കൊണ്ട് എന്താവശ്യം, നിങ്ങൾ അവനോട് പ്രാർത്ഥിക്കുന്നില്ലെങ്കിൽ.(5) നിങ്ങൾ ഇപ്പോൾ നിഷേധിച്ചിരിക്കുകയാണല്ലോ. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമായും ഉണ്ടായിരിക്കും.

(5). നിങ്ങൾ അല്ലാഹുവോട് പ്രാർത്ഥിക്കാതെയും അവന് വഴിപ്പെടാതെയും ആവശ്യങ്ങൾ അവനോട് ചോദിക്കാതെയുമിരിക്കുകയാണെങ്കിൽ പിന്നെ അവന്റെ ദൃഷ്ടിയിൽ നിങ്ങൾക്ക് യാതൊരു വിലയുമില്ല. അതിനുവേണ്ടിയാണ് നിങ്ങളെ ഈ ലോകത്തു സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുന്നില്ലെങ്കിൽ അതുമൂലം അവന്റെ യാതൊരു കാര്യത്തിനും വിഘ്നം സംഭവിക്കുന്നില്ല. നിങ്ങൾ നേരിടുന്ന ഏതൊരു പ്രശ്നത്തിലും നിങ്ങൾ അവനോട് പ്രാർത്ഥിക്കുന്നു എന്നതാണ് നിങ്ങളെ തിരിഞ്ഞു നോക്കാൻ അവനെ പ്രേരിപ്പിക്കുന്ന ഏക സംഗതി.